ചെറുകിട വ്യവസായങ്ങളുടെ പുനരുദ്ധാരണം

7 (2063)ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാർക്കറ്റിലുണ്ടാകുന്ന പുത്തൻ സ്വാധീനങ്ങൾക്കനുസരിച്ച് കേരളത്തിലെ ചെറുകിട വ്യവസായ മേഖലയെ നവീകരിക്കാൻ പ്രവർത്തിച്ചു വരുന്ന ഏജൻസികൾ ഏതൊക്കെയാണെന്നു വ്യക്തമാക്കുമോ;

(ബി) ചെറുകിട വ്യവസായ മേഖലയുടെ വളർച്ചയ്ക്ക് കേന്ദ്ര ഏജൻസികളുടേയും ദേശസാൽകൃത ബാങ്കുകളുടെയും സഹായം ലഭ്യമാക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ (സിഡ്കോ), കേരള ഇൻഡസ്ട്രിയൽ ടെക്നിക്കൽ കൺസൾട്ടൻസി ഓർഗനൈസേഷൻ (കിറ്റ്കോ), കേരക്സിൽ, വ്യവസായ വാണിജ്യ വകുപ്പു ഡയറക്ടേറേറ്റ്, കയർ വികസന ഡയറക്ടേറ്റ്, കൈത്തറിയും ടെക്സ്റ്റൈൽസും ഡയറക്ടറേറ്റും, കരകൗശല വികസന കോർപ്പറേഷൻ (കൈരളി), കരകൗശലഅപ്പക്സ് സഹകരണ സംഘം (സുരഭി), കേരള കൈത്തറി നെയ്ത്ത് സഹകരണ സംഘം (ഹാന്റക്സ്), കേരള കൈത്തറി വികസന കോർപ്പറേഷൻ (ഹാൻവീവ്) കേരള കയർ കോർപ്പറേഷൻ, കേരള കയർ മാർക്കറ്റിംഗ് സഹകരണസംഘം (കയർഫെഡ്), കേരള ഗാർമെന്റ്സ് ലിമിറ്റഡ്, കിൻഫ്ര, തുടങ്ങിയവ.

(ബി) മാർക്കറ്റിലെ സ്വാധീനങ്ങൾ മനസ്സിലാക്കി വിപണന സാദ്ധ്യതകളുടെ അടിസ്ഥാനത്തിൽ ഉൽപ്പന്ന രൂപകൽപ്പനയിലും നിർമ്മാണവിദ്യയിലും ആവശ്യമായ മാറ്റം വരുത്തുവാൻ ഉതകുന്നതിനുള്ള ഡിസൈൻ ഡവലപ്മെന്റ് സെന്ററുകൾ, പൊതു സൗകര്യ/വിപണന കേന്ദ്രങ്ങൾ, പരിശീലന കേന്ദ്രങ്ങൾ, എന്നിവ സ്ഥാപിക്കാൻ വിവിധ ഏജൻസികൾക്കും സംഘങ്ങൾക്കും ധനസഹായം നൽകുന്നതിന്, കേന്ദ്രഗവൺമെന്റിൽ നിന്നും നബാർഡ്, എസ്.ഐ.ഡി.ബി., ഐ.എൻ.സി.ഡി.സി, തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും സഹായം ലഭ്യമായി വരുന്നു.

സെയിൽസ് ടാക്സ് താരിഫുകൾ

8 (2064)ശ്രീ. ജോണി നെല്ലൂർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിലെ വ്യാവസായിക അഭിവൃദ്ധിക്കായി സെയിൽസ്ടാക്സ് താരിഫുകൾ പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ഏതെങ്കിലും വ്യവസായ സംഘടനകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ വ്യാവസായിക വകുപ്പിന്റെ നിലപാട് എന്താണ്;

(സി) വിൽപ്പന നികുതി താരിഫുകൾ പരിഷ്ക്കരിക്കുവാൻ വ്യവസായ വകുപ്പ് സംസ്ഥാന നികുതി വകുപ്പിൽ എന്തെങ്കിലും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly